ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-സി) 15-2-2012-ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ പരിശോധിക്കുകയും, കേരളത്തിലെ പോലീസ്-ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടതാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ലോകായുക്ത

26 (*176) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ടി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും, നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ. പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുവാൻ ലോകായുക്ത രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1999-ലെ ലോകായുക്ത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രി, മന്ത്രിമാർ, സംസ്ഥാന നിയമസഭാംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല ഭാരവാഹികൾ, സംസ്ഥാനത്തിന്റെ സേവനത്തിലേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള, ആക്ടിൽ വിവരിച്ചിട്ടുള്ള പൊതു സേവകരുടെ അഴിമതി, ദുർഭരണം തുടങ്ങിയവയെ സംബന്ധിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി യുക്തമായ തീരുമാനങ്ങളും, പരിഹാര മാർഗ്ഗങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കും നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു. ലോകായുക്ത നിലവിൽ വന്നതിനു ശേഷം 30-4-2015 വരെ 30284 കേസുകൾ ഫയൽ ചെയ്യുകയും അതിൽ 28377 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ ബില്ലിന് അനുസൃതമായി ലോകായുക്ത നിയമത്തിലും ഭേദഗതികൾ വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എയർ കേരള

27 (*177) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള ആഭ്യന്തര സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ ;

(ബി) ഏതൊക്കെ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചായിരിക്കും ആഭ്യന്തര സർവ്വീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഗൾഫ് സർവ്വീസിന് അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുന്നതിനായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly